അനുബന്ധം H 4

<u>നോട്ടീസ്.</u>

ആലപ്പുഴ ജില്ലയിലെ പുന്നപ്ര പോലീസ് സ്റ്റേഷനിൽ ജോലിചെയ്തിരുന്നതും ഇപ്പോൾ സസ്പെൻഷനിൽ കഴിഞ്ഞുവരുന്നതുമായ ശ്രീ സാംമോൻ SI അറിയുന്നതിന്,

നിങ്ങൾ 04.03.2016 തീയതി മുതൽ പുന്നപ്ര പോലീസ് സ്റ്റേഷനിൽ അഡീ. സബ്ബ് ഇൻസ്പെക്ടറായി ജോലിചെയ്തുവരവെ, 1958 ലെ കേരളാ പോലീസ് ഡിപ്പാർട്ട്മെന്റൽ ഇൻക്വയറീസ് പണിഷ്മെന്റ് ആന്റ് അപ്പീൽ നിയമങ്ങൾ പ്രകാരം നിങ്ങൾക്കെതിരെ 09.08.2016 തീയതിയിലെ A2(a)/11772/2016 KoR നമ്പരായ ഉത്തരവ് പ്രകാരം ഈ കാര്യാലയത്തിൽനിന്നും ഉത്തരവായിരുന്ന വാച്യാന്വേഷണ നടപടികളിലെ കുറ്റാരോപണങ്ങൾ സംബന്ധിച്ച വിശദമായ കുറ്റപത്രം 15.10.2016 തീയതി ഈ കാര്യാലയത്തിൽ നിന്നും അംഗീകരിച്ച നല്കിയിട്ടുള്ളതും ആയത് അന്വേഷണഉദ്യോഗസ്ഥനായ ആലപ്പുഴ ജില്ലാ ക്രൈം ബ്രാഞ്ച് ഡി.വൈ.എസ്.പി, മുഹമ്മ എസ്.എച്ച്.ഒ വഴിയും നിങ്ങളുടെ മേൽവിലാസത്തിൽ രജിസ്റ്റേർഡ് തപാൽ വഴി അയച്ചും നടപ്പിലാക്കുവാൻ ശ്രമിച്ചിട്ടും നിങ്ങളെ കണ്ടെത്തുവാൻ സാധിച്ചിട്ടില്ലാത്തതിനാൽ നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ലാത്തതാണ്. ആകയാൽ, ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 15 ദിവസങ്ങൾക്കകം അന്വേഷണഉദ്യോഗസ്ഥനായ ആലപ്പുഴ ജില്ലാ ക്രൈം ബ്രാഞ്ച് ഡി.വൈ.എസ്.പി മുമ്പാകെ നിങ്ങളുടെ രേഖാമൂലമുള്ള പ്രതിവാദപത്രിക സമർപ്പിക്കാത്തപക്ഷം, നിങ്ങൾക്ക് അന്വേഷനനടപടികളുമായി സഹകരിക്കുവാൻ തയ്യാറല്ലായെന്നും നിങ്ങൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ലായെന്നുമുള്ള അനുമാനത്തിൽ, ശിക്ഷണനടപടി മാന്വലിലെ (MDP) ഖണ്ഡിക 12 പ്രകാരം ഏകപക്ഷീയമായി തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

പോലീസ് ഇൻസ്പെക്ടർ ജനറൽ,
കൊച്ചി റേഞ്ച്.

2/4 2/4

ശ്രീ സാംമോൻ (ഇപ്പോൾ സസ്പെൻഷനിൽ),
പോലീസ് സബ്ബ് ഇൻസ്പെക്ടർ,
പുന്നപ്ര പോലീസ് സ്റ്റേഷൻ, ആലപ്പുഴ.

അനുബന്ധം H 5

പോലീസ് ഡിപ്പാർട്ട്മെന്റ്

വിൻഡോ നം. ഐ.പി.ആർ.ഡി

പോലീസ് ഇൻസ്പെക്ടർ ജനറൽ,
കൊച്ചി റേഞ്ച്.

ആലപ്പുഴ ജില്ലയിലെ പുന്നപ്ര പോലീസ് സ്റ്റേഷനിൽ ജോലിചെയ്തിരുന്നതും ഇപ്പോൾ സസ്പെൻഷനിൽ കഴിഞ്ഞുവരുന്നതുമായ ശ്രീ സാംമോൻ SI ക്കെതിരായ അച്ചടക്കനടപടികളിലെ കുറ്റപത്രത്തിനുള്ള പ്രതിവാദപത്രിക, നോട്ടീസ് പ്രസിദ്ധീകരിച്ച് 15 ദിവസങ്ങൾക്കുള്ളിൽ അന്വേഷണഉദ്യോഗസ്ഥനായ ആലപ്പുഴ ജില്ലാ ക്രൈം ബ്രാഞ്ച് ഡി.വൈ.എസ്.പി മുമ്പാകെ ഹാജരാക്കേണ്ടതാണ്.

---

കൂടുതൽവിവരങ്ങൾക്ക് പോലീസ് ഡിപ്പാർട്ട്മെന്റിന്റെ വെബ്സൈറ്റ് www.keralapolice.gov.in സന്ദർശിക്കുക.

---